# സമ്പൂർണ്ണ ശുചിത്വ യജ്ഞം ജില്ലാ കോ-ഓർഡിനേറ്ററുടെ നടപടിക്രമം

(ഹാജർ : ശ്രീ. ഡി. ജോൺസൺ)

വിഷയം : ശുചിത്വം സംബന്ധിച്ച സ്കൂൾതല മൽസരങ്ങൾ നടത്തുന്നത് സംബന്ധിച്ച്.

സൂചന : 1). ഭാരത സർക്കാർ - ഗ്രാമ വികസന മന്ത്രാലയം - DDWS ജോയിൻറ് സെക്രട്ടറിയുടെ 4.11.09 ലെ DO No. W 11045/10/09/CRSP നമ്പർ കത്ത്.

2) 20.11.09 ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ SM(A) 2804/09 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. 410/TSC/09 തിയ്യതി 22.12.09**

ശുചിത്വ ശീലങ്ങളെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടിയും സമ്പൂർണ്ണ ശുചിത്വയജ്ഞത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും വേണ്ടിയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

1. മത്സരങ്ങൾക്ക് വിഷയങ്ങൾ നൽകുമ്പോൾ ശുചിത്വവുമായി ബന്ധപ്പെട്ട വിഷയങ്ങളായിരിക്കണം നൽകേണ്ടത്. ഇത് ബന്ധപ്പെട്ട ഉപജില്ലാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിശ്ചയിക്കാവുന്നതാണ്.
2. ഉപജില്ലാതലത്തിൽ പെയിൻറിംഗ് മൽസരം 16" X 20" സൈസിലുള്ള Drawing paper ൽ നടത്തേണ്ടതാണ്. വാട്ടർ കളർ, ഓയിൽ പെയിൻറ്, ക്രയോൺസ് എന്നീ ഏത് മീഡിയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. - LP വിഭാഗത്തിനു മാത്രം)
3. ഉപജില്ലാതലത്തിൽ ഉപന്യാസ മൽസരം വരയിട്ട വെള്ളക്കടലാസിൽ നടത്തേണ്ടതാണ്. സമയം 45 മിനിറ്റ്.
4. മൽസരാർത്ഥികൾക്കാവശ്യമായ Drawing paper, White paper എന്നിവ ബന്ധപ്പെട്ട ബ്ളോക്കിൽ നിന്ന് നൽകേണ്ടതാണ്. പെയിൻറിംഗിനുള്ള Water color/ Oil paint / Crayons തുടങ്ങിയവ മൽസരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
5. പദ്യപാരായണം, പ്രസംഗം എന്നീ മൽസരങ്ങൾ ഉപജില്ലാതലത്തിൽ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരെകൊണ്ട് ജഡ്ജ് ചെയ്യേണ്ടതും ഒന്നാം സ്ഥാനക്കാരുടെ പേര്വിവരം TSC ഓഫീസിലേയ്ക്ക് നൽകേണ്ടതുമാണ്.
6. 01.01.2010 ന് മുൻപ്തന്നെ ഉപജില്ലാതലത്തിൽ മൽസരങ്ങൾ പൂർത്തിയാക്കി വിജയികളുടെ ലിസ്റ്റ്, TSC ഓഫീസിൽ എത്തിക്കേണ്ടതാണ്.

മൽസരങ്ങളുടെ നടത്തിപ്പിന് 4000/- രൂപ (നാലായിരം രൂപ മാത്രം) ഉപജില്ലാതലത്തിൽ അനുവദിക്കുന്നതാണ്. (ചാർട്ട് / വൈറ്റ് പേയ്പ്പർ, ജഡ്ജസ് ഫീസ്, ലഘു ഭക്ഷണം എന്നിവയ്ക്കായി ഈ തുക ചിലവഴിക്കാവുന്നതാണ്)

ബന്ധപ്പെട്ട ഉപജില്ലാ തലത്തിലുള്ള മത്സരങ്ങളുടെ ചുമതല അനുബന്ധത്തിൽ ഒപ്പം ചേർത്തിരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ആയിരിക്കും.

സെക്രട്ടറിമാർ എ.ഇ.ഒമാരുമായി ബന്ധപ്പെട്ട് എല്ലാ സ്കൂളുകളിൽ നിന്നും മത്സരാർത്ഥികളിൽ പങ്കെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ആവശ്യമായ വരുന്ന ചിലവുകളുടെ വൗച്ചറുകൾ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതും ഒരാഴ്ചക്കകം തന്നെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഈ ഓഫീസിൽ നൽകേണ്ടതുമാണ്.

1. 02.01.2010ന് രാവിലെ 9.30ന് അയ്യന്തോൾ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് ജില്ലാതല മത്സരം സംഘടിപ്പിക്കുന്നതാണ്.
2. അന്നേ ദിവസം സ്വന്തം ചിലവിൽ വിജയികൾ എത്തിച്ചേരേണ്ടതാണ്.
3. ഉപജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ചവർക്ക് അവിടെ വെച്ച് സമ്മാനം നൽകുന്നതായിരിക്കും.
4. ജില്ലയിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് ജില്ലാ പഞ്ചായത്തിന്റെ ഒരു പൊതുപരിപാടിയിൽ വെച്ച് സമ്മാനം നൽകുന്നതായിരിക്കും.
5. മത്സരങ്ങളിൽ ഉണ്ടാകാവുന്ന തർക്കങ്ങൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
6. ജില്ലാതലവിജയികൾ സംസ്ഥാനതലത്തിലുള്ള മത്സരത്തിൽ പങ്കെടുക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

കോ-ഓർഡിനേറ്റർ

(1) മത്സരങ്ങൾക്ക് ഒരു സ്കൂളിൽ നിന്നും മിനിമം ഒരു വിദ്യാർത്ഥിയെങ്കിലും പങ്കെടുക്കേണ്ടതാണ്.
(2) എല്ലാ വിഷയത്തിലും മത്സരിക്കണം
(3) മത്സരിക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ 28-12-2009 ഉച്ചതിരിഞ്ഞ് 4 മണിക്കു മുമ്പ് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് പ്രധാനാധ്യാപകൻ നേരിട്ട് നൽകേണ്ടതാണ്.

# സമ്പൂർണ്ണ ശുചിത്വ യജ്ഞം തൃശ്ശൂർ

## സ്കൂൾ വിദ്യാർത്ഥികൾക്കുള്ള കലാമത്സരങ്ങൾ

| ക്രമ നം. | ജില്ലകളുടെ പേര് | ബന്ധപ്പെട്ട ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | തിയ്യതി | മത്സരം നടത്തുന്ന സ്ഥലം |
|---|---|---|---|---|
| 1 | ചാലക്കുടി | ചാലക്കുടി | 30.12.09 | ബ്ളോക്ക് പഞ്ചായത്ത് ഹാൾ |
| 2 | ചാവക്കാട് | ചാവക്കാട് | " | |
| 3 | ചേർപ്പ് | ചേർപ്പ് | " | " |
| 4 | ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട | " | " |
| 5 | കൊടുങ്ങല്ലൂർ | കൊടുങ്ങല്ലൂർ | " | " |
| 6 | കുന്ദംകുളം | ചൊവ്വന്നൂർ | " | " |
| 7 | മാള | മാള | " | " |
| 8 | മുല്ലശ്ശേരി | മുല്ലശ്ശേരി | " | " |
| 9 | തൃശൂർ (ഈസ്റ്റ്) | ഒല്ലൂക്കര | " | " |
| 10 | തൃശൂർ (വെസ്റ്റ്) | പുഴക്കൽ | " | " |
| 11 | വലപ്പാട് | തളിക്കുളം | " | " |
| 12 | വടക്കാഞ്ചേരി | പഴയന്നൂർ | " | " |

**ജില്ലാതല മത്സരം 02.01.2010**

**സ്ഥലം : ഹയർ സെക്കന്ററി സ്കൂൾ, അയ്യന്തോൾ**